**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 286** **22-02-2022 - ൽ മറുപടിയ്ക്ക്**

**എ.പി.എൽ കാർഡു മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കാസറഗോഡ് ജില്ലയിൽ എ.പി.എൽ.കാർഡുകൾ ബി.പി.എൽ.കാർഡുകളാക്കി മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര അപേക്ഷകൾ ഉണ്ടെന്ന് വിശദമാക്കാമോ; | (എ) | 12,325 അപേക്ഷകൾ. |
| (ബി) | പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശ ഘടകങ്ങൾക്ക് മാർക്ക് നൽകി 30 - ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മുൻഗണനാ ഒഴിവുകളുടെ എണ്ണം പരിമിതമായതിനാൽ ലിസ്റ്റിലെ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്ന് വരുന്നു. എന്നാൽ അടിയന്തര ചികിത്സ ആവശ്യമുള്ള മുൻഗണനാ കാർഡിന് അർഹതയുള്ളവർക്ക് ഉടൻ തന്നെ മുൻഗണന കാർഡ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ